## പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## പത്താമത് റിപ്പോർട്ട്

(2020 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## പത്താമത് റിപ്പോർട്ട്

(2020 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

452/2020.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ചിറ്റയം ഗോപകുമാർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ജോയി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. കെ. ശശി .

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ്.എ., അണ്ടർ സെക്രട്ടറി.

# ആമുഖം

പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ (2019-2021) അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2020 മാർച്ച് 10-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ചിറ്റയം ഗോപകുമാർ,
*അദ്ധ്യക്ഷൻ,*
*പിന്നോക്ക സമുദായക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 മാർച്ച് 13.

## അദ്ധ്യായം - I

# റിപ്പോർട്ട്

പത്താം കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമ സമിതി (1998-2000)-യുടെ പതിമൂന്നാമത് റിപ്പോർട്ട് (പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്) 1999 ജൂലൈ 16-തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ അവയിലെ ശിപാർശ/നിർദ്ദേശങ്ങളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി 19-7-1999-ൽ സർക്കാരിലേയ്ക്ക് അയച്ച് കൊടുത്തു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടികൾ, സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് ലഭിച്ച മറുപടികൾ എന്നിവ പരിഗണിക്കുന്നതിനായി സമിതി 5-12-2001, 12-9-2002, 29-8-2005, 11-11-2008, 12-5-2009, 23-11-2011, 27-12-2013, 14-6-2017 എന്നീ തീയതികളിൽ യോഗം ചേർന്നു. അതിൽ രണ്ട് യോഗങ്ങളിൽ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയിരുന്നു. സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ മേൽപ്പറഞ്ഞ വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിൽ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം - II

# കേരള വാട്ടർ അതോറിറ്റി

### ശിപാർശ

കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 28-11-1997-ൽ ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ പി.എസ്.സി. വഴിയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും വാട്ടർ അതോറിറ്റി നേരിട്ടും നിയമനങ്ങൾ നടത്തുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം അവിടെ 8434 ജീവനക്കാരാണുള്ളത്. കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

### പാർട്ട് (എ) - പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

**എക്സിക്യൂട്ടീവ്/ഗസറ്റഡ്**

ഈ വിഭാഗത്തിൽ ആകെ 372 ജീവനക്കാരാണുള്ളത്. ഇതിൽ 158 പേർ മുന്നോക്കവിഭാഗക്കാരും (42.47 %) 179 പേർ പിന്നോക്ക വിഭാഗത്തിലും (48.11 %) 35 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (9.40%) ഉൾപ്പെടുന്നു. പരിശോധനയിൽ പിന്നോക്കസമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കും പ്രകാരമാണെന്ന് വ്യക്തമാകുന്നു.

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യം ലഭിച്ചത് (ശതമാനം) | പ്രാതിനിധ്യ കുറവ് (ശതമാനം) |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇ.റ്റി.ബി. | 14 | 18.54 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 10.21 | -1.79 |
| എൽ.സി./ആ.ഇ. | 4 | 1.88 | -2.12 |
| നാടാർ | 2 | 1.61 | -0.39 |
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | ..... | -1 |
| വിശ്വകർമ്മ | 3 | 1.88 | -1.12 |
| ധീവര | 1 | 1.07 | പ്രാതിനിധ്യ കൂടുതൽ |
| ഒ.ബി.സി. | 3 | 12.90 | പ്രാതിനിധ്യ കൂടുതൽ |

മുൻപട്ടികപ്രകാരം ഈ കാറ്റഗറിയിൽ മുസ്ലീം, എൽ.സി./ആ.ഇ., നാടാർ, പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ എന്നീ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഇപ്രകാരം പ്രാതിനിധ്യം ലഭിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടുപിടിക്കേണ്ടതും അത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മിനിസ്റ്റീരിയൽ**

ഈ വിഭാഗത്തിൽ 859 ജീവനക്കാർ ഉള്ളതിൽ 336 പേർ മുന്നോക്ക വിഭാഗത്തിലും (39.11 %) 407 പേർ പിന്നോക്ക വിഭാഗത്തിലും (47.38 %) 116 പേർ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലും പെടുന്നു (13.5%).

പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു :

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | കുറവ് (ശതമാനം) |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇ.റ്റി.ബി. | 14 | 20.37 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 7.33 | -4.67 |
| എൽ.സി./ആ.ഇ. | 4 | 2.67 | -1.33 |
| നാടാർ | 2 | 2.67 | പ്രാതിനിധ്യ കൂടുതൽ |
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | 0.23 | -0.77 |
| വിശ്വകർമ്മ | 3 | 2.79 | -0.21 |
| ധീവര | 1 | 0.35 | -0.65 |
| ഒ.ബി.സി. | 3 | 10.94 | പ്രാതിനിധ്യ കൂടുതൽ |

മുസ്ലീം, എൽ.സി./ആ.ഇ., പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ, ധീവര എന്നീ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് മുൻപട്ടികയിലെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ ഇ.റ്റി.ബി.ക്ക് ഇരുപത് ശതമാനത്തിലേറെ പ്രാതിനിധ്യം നൽകിയിരിക്കുന്നു. പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവർക്കും അവരവർ അർഹിക്കുന്ന നിരക്കിൽ സംവരണം നൽകേണ്ടതാണെന്നും അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ടെക്നിക്കൽ**

ഈ വിഭാഗത്തിൽ 1280 ജീവനക്കാരുള്ളതിൽ 408 പേർ മുന്നോക്ക വിഭാഗത്തിലും (31.87%) 657 പേർ പിന്നോക്കവിഭാഗത്തിലും (57.32%) 215 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുംപെടുന്നു (16.79%).

ചുവടെ ചേർക്കുന്ന പ്രകാരമാണ് പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | കറവ് (ശതമാനം) |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇ.റ്റി.ബി. | 14 | 21.17 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 9.60 | -2.4 |
| എൽ.സി./ആ.ഇ. | 4 | 3.28 | -0.72 |
| നാടാർ | 2 | 3.51 | പ്രാതിനിധ്യ കൂടുതൽ |
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | 0.15 | -0.85 |
| വിശ്വകർമ്മ | 3 | 2.73 | -0.27 |
| ധീവര | 1 | 0.07 | -0.93 |
| ഒ.ബി.സി. | 3 | 10.78 | പ്രാതിനിധ്യ കൂടുതൽ |

മുസ്ലീം, എൽ.സി./ആ.ഇ., പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ, ധീവര എന്നീ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്ന പട്ടികയിൽ ഇ.റ്റി.ബി.ക്ക് ലഭിച്ചിരിക്കുന്ന പ്രാതിനിധ്യം അർഹതപ്പെട്ടതിൽ നിന്നും വളരെ കൂടുതലാണ്. പ്രാതിനിധ്യ കറവുള്ള എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്

ഈ വിഭാഗത്തിൽ ആകെ 284 ജീവനക്കാരാണുള്ളത്. 106 പേർ മുന്നോക്ക വിഭാഗത്തിലും (37.32%) 141 പേർ പിന്നോക്ക സമുദായത്തിലും (49.64%) 37 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (13.02%) പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കറവ് (ശതമാനം) |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇ.റ്റി.ബി. | 11 | 17.25 | പ്രാതിനിധ്യം കൂടുതലുണ്ട് |
| മുസ്ലീം | 10 | 11.61 | -0.48 |

| 1 | 2 | 3 | 4 |
|---|---|---|---|
| എൽ.സി./ആ.ഇ. | 4 | 3.52 | -0.72 |
| നാടാർ | 3 | 3.16 | പ്രാതിനിധ്യം കൂടുതലുണ്ട് |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | 0.70 | -1.30 |
| വിശ്വകർമ്മ | 2 | 0.70 | -1.3 |
| ധീവര | 2 | 1.76 | -0.24 |
| ഒ.ബി.സി. | 6 | 10.91 | പ്രാതിനിധ്യം കൂടുതലുണ്ട് |

എൽ.സി./ആ.ഇ., പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ, ധീവര മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന് മുൻപട്ടിക പരിശോധിക്കുമ്പോൾ വ്യക്തമാകുന്നു. എന്നാൽ ഇ.റ്റി.ബി.ക്ക് കൂടുതൽ പ്രാതിനിധ്യം നൽകിയിരിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഭാവിയിൽ ഉണ്ടാകുന്ന തസ്തികകളിലെങ്കിലും പിന്നോക്ക വിഭാഗക്കാർക്ക് നൽകുന്ന പ്രാതിനിധ്യം ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പാർട്ട് (ബി) - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയുള്ള നിയമനം</u>

**എക്സിക്യൂട്ടീവ്**

ഈ വിഭാഗത്തിൽ 42 ജീവനക്കാരാണുള്ളത്. 18 ജീവനക്കാർ മുന്നോക്ക വിഭാഗത്തിലും (42.58%) 23 ജീവനക്കാർ പിന്നാക്ക വിഭാഗത്തിലും (54.76%) 1 ആൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (2.38%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 14 | 16.66 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 19.04 | പ്രാതിനിധ്യ കൂടുതൽ |
| എൽ.സി./ആ.ഇ. | 4 | 4.76 | പ്രാതിനിധ്യ കൂടുതൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| നാടാർ | 2 | .... | -2 |
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | .... | -1 |
| വിശ്വകർമ്മ | 3 | 4.76 | പ്രാതിനിധ്യ കൂടുതൽ |
| ധീവര | 1 | .... | -1 |
| ഒ.ബി.സി. | 3 | 9.52 | പ്രാതിനിധ്യ കൂടുതൽ |

നാടാർ, പരിവർത്തിത ക്രിസ്ത്യാനികൾ, ധീവര മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഇത്തരക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകാതിരിക്കുന്നത് ഒരു കാരണവശാലും ന്യായീകരിക്കാവുന്നതല്ല. പിന്നോക്ക വിഭാഗക്കാർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മിനിസ്റ്റീരിയൽ**

ഈ വിഭാഗത്തിൽ ആകെ 532 ജീവനക്കാരാണുള്ളത്. 212 പേർ മുന്നോക്ക വിഭാഗത്തിലും (39.85%) 273 പേർ പിന്നോക്ക വിഭാഗത്തിലും (51.32%) 47 പേർ പട്ടികജാതി/പട്ടികവർഗ്ഗത്തിലും (8.83%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിലും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കുറവ് (ശതമാനം) |
|---|---|---|---|
| 1 | 2 | 3 | 4 |
| ഇ.റ്റി.ബി. | 14 | 21.42 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 7.51 | -4.49 |
| എൽ.സി./ആ.ഇ. | 4 | 3.57 | -0.43 |
| നാടാർ | 2 | 4.69 | പ്രാതിനിധ്യ കൂടുതൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | 0.18 | -0.82 |
| വിശ്വകർമ്മ | 3 | 2.63 | -0.37 |
| ധീവര | 1 | 0.37 | -0.63 |
| ഒ.ബി.സി. | 3 | 10.90 | പ്രാതിനിധ്യ കൂടുതൽ |

മുസ്ലീം, എൽ.സി./ആ.ഇ., പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ, ധീവര മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് പ്രാതിനിധ്യക്കുറവ് പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ടെക്നിക്കൽ**

ഈ വിഭാഗത്തിൽ ആകെ 2803 ജീവനക്കാരാണുള്ളത്. 1022 പേർ മുന്നോക്ക വിഭാഗത്തിലും (36.46%) 1553 പേർ പിന്നോക്ക വിഭാഗത്തിലും (55.40%) 228 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (8.13%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിലും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നവിധമാണ്.

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 14 | 27.29 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 12 | 9.45 | -2.55 |
| എൽ.സി./ആ.ഇ. | 4 | 5.17 | പ്രാതിനിധ്യ കൂടുതൽ |
| നാടാർ | 2 | 2.78 | പ്രാതിനിധ്യ കൂടുതൽ |
| പരിവർത്തിത ക്രിസ്ത്യാനികൾ | 1 | 0.07 | -0.93 |
| വിശ്വകർമ്മ | 3 | 1.74 | -1.26 |
| ധീവര | 1 | 0.46 | -0.54 |
| ഒ.ബി.സി. | 3 | 8.41 | പ്രാതിനിധ്യ കൂടുതൽ |

ഈ വിഭാഗത്തിൽ മുസ്ലീം, പരിവർത്തിത ക്രിസ്ത്യാനികൾ, വിശ്വകർമ്മ, ധീവര മുതലായ സമുദായങ്ങൾക്ക് എന്തുകൊണ്ടാണ് അർഹമായ പ്രാതിനിധ്യം ലഭിക്കാതിരിക്കുന്നത് എന്ന് പരിശോധിച്ച്, പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ലാസ്റ്റ് ഗ്രേഡ് എംപ്ലോയീസ്**

ഈ വിഭാഗത്തിൽ ആകെ 1047 ജീവനക്കാരാണുള്ളത്. 293 പേർ മുന്നോക്ക വിഭാഗത്തിലും (27.98%) 579 പേർ പിന്നോക്ക സമുദായത്തിലും (55.30%) 175 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (16.71%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 11 | 21.6 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 10 | 11.46 | പ്രാതിനിധ്യ കൂടുതൽ |
| എൽ.സി./ആ.ഇ. | 4 | 4.58 | പ്രാതിനിധ്യ കൂടുതൽ |
| വിശ്വകർമ്മ | 2 | 1.14 | -0.86 |
| ധീവര | 2 | 0.76 | -1.24 |
| നാടാർ | 3 | 6.91 | പ്രാതിനിധ്യ കൂടുതൽ |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | 0.09 | -1.91 |
| ഒ.ബി.സി. | 6 | 9.45 | പ്രാതിനിധ്യ കൂടുതൽ |

വിശ്വകർമ്മ, ധീവര, പരിവർത്തിത ക്രിസ്ത്യാനികൾ മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**താൽക്കാലിക നിയമനങ്ങൾ**

ഈ വിഭാഗത്തിൽ ആകെ 171 ജീവനക്കാരാണുള്ളത്. 58 പേർ മുന്നോക്ക വിഭാഗത്തിലും (33.91%) 86 പേർ പിന്നോക്ക വിഭാഗത്തിലും (50.29%) 27 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (15.78%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്ന പ്രകാരമാണ് :

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച പ്രാതിനിധ്യം (ശതമാനം) | പ്രാതിനിധ്യക്കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 11 | 16.37 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 10 | 9.35 | -0.65 |
| എൽ.സി./ആ.ഇ. | 4 | 3.50 | -0.50 |
| വിശ്വകർമ്മ | 2 | 1.75 | -0.25 |
| ധീവര | 2 | 1.16 | -0.84 |
| നാടാർ | 3 | 4.67 | പ്രാതിനിധ്യ കൂടുതൽ |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | 0.58 | -1.42 |
| ഒ.ബി.സി. | 6 | 12.86 | പ്രാതിനിധ്യ കൂടുതൽ |

ഈ വിഭാഗത്തിൽ മുസ്ലീം, എൽ.സി./ആ.ഇ., വിശ്വകർമ്മ, ധീവര, പരിവർത്തിത ക്രിസ്ത്യാനികൾ മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഏതുതരം നിയമനമായാലും പിന്നോക്ക വിഭാഗക്കാർക്ക് ലഭിക്കേണ്ട പ്രാതിനിധ്യം കർശനമായി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**അപ്രന്റീസ്ഷിപ്പ്**

ഈ വിഭാഗത്തിൽ ആകെ 24 പേരാണുള്ളത്. 7 പേർ മുന്നോക്ക വിഭാഗത്തിലും (29.16%) 11 പേർ പിന്നോക്ക വിഭാഗത്തിലും (45.83%) 6 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലും (25%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ചത് (ശതമാനം) | കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 11 | 16.6 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 10 | 4.16 | -5.84 |
| എൽ.സി./ആ.ഇ. | 4 | .... | -4 |

| 1 | 2 | 3 | 4 |
|---|---|---|---|
| വിശ്വകർമ്മ | 2 | .... | -2 |
| ധീവര | 2 | .... | -2 |
| നാടാർ | 3 | .... | -3 |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | .... | -2 |
| ഒ.ബി.സി. | 6 | 25 | പ്രാതിനിധ്യ കൂടുതൽ |

ഈ വിഭാഗത്തിൽ മുസ്ലീം, എൽ.സി./ആ.ഇ., വിശ്വകർമ്മ, ധീവര, നാടാർ, പരിവർത്തിത ക്രിസ്ത്യാനികൾ മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഇത്തരക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകിയാൽ മാത്രമേ സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാകുകയുള്ളൂ. അതിനുള്ള അവസരം നിഷേധിക്കുന്നത് കടുത്ത അനീതിയാണ്. ആകയാൽ ഈ രംഗത്ത് സംവരണപ്രാതിനിധ്യം കർശനമായി പാലിക്കാൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി അഭിപ്രായപ്പെടുകയും ശിപാർശ ചെയ്യുകയും ചെയ്യുന്നു.

**എച്ച്.ആർ., എൻ. എം. ആർ., സി.എൽ. ആർ.**

ഈ വിഭാഗത്തിൽ ആകെ 1020 ജീവനക്കാരാണുള്ളത്. 347 പേർ മുന്നോക്ക വിഭാഗത്തിലും (34.01%) 541 പേർ പിന്നോക്ക വിഭാഗത്തിലും (53.03%) 132 പേർ പട്ടികജാതി/പട്ടികവർഗ്ഗത്തിലും (12.94%) ഉൾപ്പെടുന്നു. പിന്നോക്ക സമുദായത്തിലെ ഓരോ വിഭാഗത്തിനും ലഭിച്ച പ്രാതിനിധ്യം ചുവടെ ചേർക്കുന്നു.

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ചത് (ശതമാനം) | കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 11 | 26.76 | പ്രാതിനിധ്യ കൂടുതൽ |
| മുസ്ലീം | 10 | 11.37 | പ്രാതിനിധ്യ കൂടുതൽ |
| എൽ.സി./ആ.ഇ. | 4 | 3.27 | -0.77 |
| വിശ്വകർമ്മ | 2 | 0.68 | -1.32 |
| ധീവര | 2 | 0.49 | -1.51 |

| 1 | 2 | 3 | 4 |
|---|---|---|---|
| നാടാർ | 3 | 1.56 | -1.44 |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | .... | -2 |
| ഒ.ബി.സി. | 6 | 8.92 | പ്രാതിനിധ്യ കൂടുതൽ |

ഈ വിഭാഗത്തിൽ എൽ.സി./ആ.ഇ., വിശ്വകർമ്മ, ധീവര, നാടാർ, പരിവർത്തിത ക്രിസ്ത്യാനികൾ മുതലായ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനാൽ അത്തരക്കാർക്ക് പ്രാതിനിധ്യം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണെന്നും, അതിനനുസൃതമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയ നിയമനങ്ങളുടെ ജാതി തിരിച്ചുള്ള പട്ടികയും സമിതി പരിശോധിക്കുകയുണ്ടായി.

വാട്ടർ അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തിയ നിയമനങ്ങളിൽ പിന്നോക്ക വിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകിയിട്ടില്ലെന്ന് സമിതിക്ക് ബോധ്യപ്പെടുന്നു. ഓരോ കാറ്റഗറിയിലും ഉള്ള നിയമനങ്ങളിൽ കെ.എസ്.എസ്.ആർ. പ്രകാരം അർഹതപ്പെട്ട പിന്നോക്ക സമുദായപ്രാതിനിധ്യം കർശനമായി പാലിക്കപ്പെടേണ്ടതാണെന്നും അതിനുള്ള നടപടികൾ ഭാവിയിലെങ്കിലും സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

മേൽ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി തെളിവെടുപ്പ് നടത്തുകയും താഴെപ്പറയും പ്രകാരം തുടർ ശിപാർശ നൽകുകയും ചെയ്തു.

<u>തുടർ ശിപാർശ</u>

1999-നുശേഷം കേരള വാട്ടർ അതോറിറ്റിയിൽ നടന്ന നിയമനങ്ങളുടെ ജാതി തിരിച്ചുള്ള കണക്ക് അടിയന്തരമായി ലഭ്യമാക്കുക.

<u>സ്വീകരിച്ച നടപടി</u>

ജലവിഭവ (ജലവിതരണ-സി) വകുപ്പ് 6-11-2008-ലെ 30575/സി1/05/ജ.വി.വ. നമ്പർ കത്ത് പ്രകാരം ജാതി തിരിച്ചുള്ള കണക്ക് നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി താഴെ പറയും പ്രകാരം അധിക വിവരം ആരാഞ്ഞു:

**അധിക വിവരം**

എ) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി. മുഖേനയല്ലാതെ ഏതെല്ലാം തസ്തികകളിൽ നിയമനം നടന്നിട്ടുണ്ട്?

ബി) ഏതെല്ലാം തസ്തികകളിലാണ് താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത്?

സി) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താറുണ്ടോ ?

ഡി) ഉണ്ടെങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്?

ഇ) അത്തരം നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ?

<u>സ്വീകരിച്ച നടപടി</u>

ജലവിഭവ (ജലവിതരണ-സി) വകുപ്പ് 29-12-2010-ലെ 15269/സി1/10/ജ.വി.വ. കത്ത് പ്രകാരം ലഭ്യമാക്കിയത്:

എ) കേരള വാട്ടർ അതോറിറ്റിയിലെ സ്ഥിര നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ-മുഖേനയാണ് നടത്താറുള്ളത്.

ബി) കേരള വാട്ടർ അതോറിറ്റിയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലിക നിയമനം നടത്താറുണ്ട്. താൽക്കാലിക നിയമനങ്ങൾ നടത്താറുള്ള തസ്തികകൾ ചുവടെ ചേർക്കുന്നു.

1. എൽ.ഡി.സി.
2. എൽ.ഡി. റ്റി.
3. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II
4. ഓവർസീയർ ഗ്രേഡ് - III
5. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - I
6. ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II
7. അസിസ്റ്റന്റ് എഞ്ചിനീയർ
8. ഡ്രൈവർ
9. ലാസ്റ്റ് ഗ്രേഡ്

10. ഓപ്പറേറ്റർ

11. മീറ്റർ റീഡർ

12. സർവ്വെയർ

13. ലാബ് അസിസ്റ്റന്റ്

സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കുന്നവരെ 179 ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് പിരിച്ച് വിടാറുണ്ട്. എന്നാൽ 19-9-1990-ലെ ബഹു.സുപ്രീം കോടതി വിധിയുടേയും സാർക്ക്, വികലാംഗ വർഷം ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി എന്നിവയോടനുബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

ഡി) കേരള വാട്ടർ അതോറിറ്റിയിൽ 16-6-2009-വരെ സുപ്രീം കോടതി വിധി പ്രകാരം 1899 പേരെയും സാർക്ക് വികലാംഗ വർഷത്തിൽ 131 പേരെയും ഭാരതത്തിന്റെ സ്വതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിൽ 130 പേരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

ഇ) സംവരണ തത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനത്തിനായുള്ള ലിസ്റ്റ് തരുന്നത്.

പ്രസ്തുത മറുപടി പരിഗണിച്ച സമിതി താഴെപ്പറയുന്ന അധിക വിവരം ആരാഞ്ഞു.

**അധിക വിവരം**

താൽക്കാലിക നിയമനത്തിനുള്ള ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകുന്നത് സംവരണതത്വം പാലിച്ചാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നിയമനം നടത്തിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഇക്കാര്യം വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

<u>സ്വീകരിച്ച നടപടി</u>

ജലവിഭവ (ജലവിതരണ-സി) വകുപ്പ് 1-10-2013-ലെ 10268/സി1/12/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്.

ഈ വിഷയം കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേയ്ക്ക് താൽക്കാലിക നിയമനം നടത്താറുണ്ട്. ഇങ്ങനെ നിയമിക്കുന്നവരെ 179 ദിവസം പൂർത്തിയാക്കുന്ന മുറയ്ക്ക് പിരിച്ച് വിടാറുണ്ട്. സംവരണതത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും താൽക്കാലിക നിയമനത്തിനായിട്ടുള്ള ലിസ്റ്റ് നൽകുന്നത്. ഈ ലിസ്റ്റ് പ്രകാരം സംവരണതത്വം പാലിച്ചുതന്നെയാണ് കേരള വാട്ടർ അതോറിറ്റിയിൽ നിയമനം നടത്താറുള്ളതെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത മറുപടി പരിഗണിച്ച സമിതി താഴെ പറയുന്ന അധിക വിവരം ആരാഞ്ഞു:

**അധിക വിവരം**

കേരള വാട്ടർ അതോറിറ്റിയിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതുമായി ബന്ധപ്പെട്ട് 2012, 2013, 2014 എന്നീ വർഷങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കേരള വാട്ടർ അതോറിറ്റിയിൽ നിയമനം നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കുക.

<u>സ്വീകരിച്ച നടപടി</u>

ജലവിഭവ (ജലവിതരണ-സി) വകുപ്പ് 15-2-2016-ലെ 13880/ സി1/15/ജ.വി.വ. നമ്പർ കത്ത് പ്രകാരം ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്.

## കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ

ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ലിമിറ്റഡിൽ നിന്നും 16-2-1998-ൽ ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കമ്പനി നേരിട്ടുമാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം ഇവിടെ ആകെ 329 ജീവനക്കാരാണുള്ളത്. കാറ്റഗറി തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

**1. എക്സിക്യൂട്ടീവ്**

<u>ശിപാർശ</u>

ആകെ 8 ജീവനക്കാരാണ് ഈ കാറ്റഗറിയിൽ. 7 പേർ ജനറൽ കാറ്റഗറിയിലും ഒരാൾ പിന്നോക്കസമുദായത്തിലെ ഇ.റ്റി.ബി.യിലുംപെടുന്നു. ഇ.റ്റി.ബി.യിൽപ്പെട്ട എക്സിക്യൂട്ടീവും ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ച ആളാണ്. ഈ കാറ്റഗറിയിൽ സംവരണം പാലിച്ചിട്ടില്ല. എക്സിക്യൂട്ടീവ് കാറ്റഗറിയിലെ നിയമനങ്ങളിലും സംവരണം പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്:]

എക്സിക്യൂട്ടീവ് തസ്തികകളിലെ ഭാവി നിയമനങ്ങളിൽ സംവരണം ചട്ടപ്രകാരം നടപ്പിലാക്കുന്നതാണ് എന്ന് 'ഔഷധി' എം.ഡി. അറിയിച്ചിട്ടുണ്ട്.

## 2. മിഡിൽ ലെവൽ എക്സിക്യൂട്ടീവ്

<u>ശിപാർശ</u>

ആകെ 12 ജീവനക്കാരാണ് ഈ കാറ്റഗറിയിൽ. 6 പേർ ജനറൽ കാറ്റഗറിയിലും 6 പേർ പിന്നോക്കസമുദായത്തിലുംപെടുന്നു. (ഇ.റ്റി.ബി.-2, വിശ്വകർമ്മ-1, ധീവര-1, ഒ.ബി.സി.-2) പിന്നോക്ക സമുദായത്തിൽപ്പെട്ട ആറുപേരും ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. ഓപ്പൺ ക്വാട്ടയിലെ നിയമനങ്ങളിലൂടെ മാത്രം സംവരണം പാലിക്കാൻ കഴിയുകയില്ല. ആയതിനാൽ ഒരു പ്രത്യേക പദ്ധതിയിലൂടെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.ക.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

നിലവിൽ ഈ വിഭാഗത്തിൽ 11 പേരാണ് ജോലിയിൽ ഉള്ളത്. ഇവരിൽ രണ്ട് പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കപ്പെട്ടവരുമാണ്. 4 പേർ പിന്നോക്കസമുദായാംഗങ്ങളാണ്. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ വ്യത്യസ്ത കാലയളവുകളിൽ നിയമിക്കപ്പെട്ടവരാണ്. നിയമന ഉത്തരവുകളിൽ സമുദായിക സംവരണം സംബന്ധിച്ച സൂചനകൾ ഇല്ലെങ്കിലും മിഡിൽ ലെവൽ എക്സിക്യൂട്ടീവ് തസ്തികകളിൽ സംവരണതത്വം പ്രകാരം പ്രാതിനിധ്യം ലഭ്യമാക്കിയിട്ടുണ്ട്. ഈ തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ആയതിനാൽ സംവരണ ചട്ടപ്രകാരം ഈ വിഭാഗത്തിൽ നിയമനം ഉണ്ടാകുന്നതാണ്.

## 3. മിനിസ്റ്റീരിയൽ

<u>ശിപാർശ</u>

ആകെ 3 ജീവനക്കാരുള്ള ഈ കാറ്റഗറിയിൽ 1 ജീവനക്കാരൻ ജനറൽ കാറ്റഗറിയിലും 2 പേർ പിന്നോക്ക സമുദായത്തിലുംപെടുന്നു. (മുസ്ലീം - 1, വിശ്വകർമ്മ - 1) പിന്നോക്ക സമുദായത്തിൽപ്പെട്ട രണ്ട് ജീവനക്കാരും ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. ഈ കാറ്റഗറിയിലും സംവരണം പാലിച്ചിട്ടില്ല. ഈ വിഭാഗത്തിലും സംവരണതത്വം പാലിക്കേണ്ടതാണ് എന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ ആ.ക.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

ഈ തസ്തികയിൽ പ്രവർത്തിച്ചുവരുന്ന രണ്ടുപേരും പിന്നോക്ക സമുദായങ്ങളാണ്. 1980-ലാണ് ഈ നിയമനങ്ങൾ നടന്നത്. ഈ വിഭാഗത്തിലെ നിയമനങ്ങളും പി.എസ്.സി.ക്കുകൈമാറി കഴിഞ്ഞു. ഇനി വരുംകാല നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നതാണ്.

**4. ടെക്നിക്കൽ**

<u>ശിപാർശ</u>

ആകെ 13 ജീവനക്കാരുള്ള ഈ കാറ്റഗറിയിൽ 8 പേർ ജനറൽ കാറ്റഗറിയിലും 5 പേർ പിന്നോക്ക സമുദായത്തിലുംപെടുന്നു. (മുസ്ലീം - 2, എൽ.സി./ആ.ഇ. - 1, ഒ.ബി.സി. - 2) പിന്നോക്കസമുദായത്തിൽപ്പെട്ട 5 ജീവനക്കാരും ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. ഈ കാറ്റഗറിയിലും സംവരണം പാലിച്ചിട്ടില്ല. സംവരണം പാലിക്കുന്നത് ഉറപ്പാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

ഈ വിഭാഗത്തിലെ ഭാവി നിയമനങ്ങൾ നടത്തുവാനുള്ള അധികാരം പി.എസ്.സി.ക്കു നൽകി കഴിഞ്ഞു. ഈ സാഹചര്യത്തിൽ സംവരണതത്വം നിയമനകാര്യത്തിൽ പാലിക്കപ്പെടുന്നതാണ്.

**5. മറ്റുള്ളവർ**

<u>ശിപാർശ</u>

ആകെ 20 ജീവനക്കാരുള്ള ഈ കാറ്റഗറിയിൽ 4 പേർ ജനറൽ കാറ്റഗറിയിലും 16 പേർ പിന്നോക്ക സമുദായത്തിലുംപെട്ടവരാണ്. 16 പിന്നോക്ക സമുദായ ജീവനക്കാരിൽ 14 പേർ പ്രമോഷൻ വഴിയും (ഇ.റ്റി.ബി.-5, മുസ്ലീം - 2, ഒ.ബി.സി. -7) ഒ.ബി.സി.യിൽപ്പെട്ട രണ്ട് ജീവനക്കാർക്ക് സംവരണാടിസ്ഥാനത്തിലുമാണ് നിയമനം ലഭിച്ചിട്ടുള്ളത്. പ്രമോഷനിലും സംവരണതത്വം പാലിക്കാനുള്ള നടപടികളെ സംബന്ധിച്ച് വിശദമായി ഒരു പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

പിന്നോക്ക സമുദായാംഗങ്ങളുടെ പ്രാതിനിധ്യം തൃപ്തികരമായി നൽകിയിട്ടുണ്ട്.

[ആരോഗ്യ കുടുംബക്ഷേമ (ഡി) വകുപ്പിന്റെ 25-5-2001-ലെ 35493/ഡി2/99/ ആ.ക.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

ഈ നിർദ്ദേശം പൊതുസ്വഭാവത്തിലുള്ളതിനാൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി എസ്.സി./എസ്.ടി. വകുപ്പിന് അയച്ചുകൊടുക്കുകയുണ്ടായി.

**6. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ**

ശിപാർശ

ആകെ 74 ജീവനക്കാരുള്ള ഈ കാറ്റഗറിയിൽ 35 പേർ ജനറൽ കാറ്റഗറിയിൽപ്പെട്ടവരും 39 പേർ പിന്നോക്കവിഭാഗത്തിൽപ്പെട്ടവരുമാണ്. 39 പിന്നോക്കസമുദായ ജീവനക്കാരിൽ 26 പേർ ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. (ഇ.റ്റി.ബി.-3, മുസ്ലീം-3, വിശ്വകർമ്മ-2, ഒ.ബി.സി.-13) പതിമൂന്ന് ഒ.ബി.സി.ക്കാർക്ക് മാത്രമാണ് സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിച്ചിട്ടുള്ളത്. പിന്നോക്ക സമുദായത്തിലെ ഇ.റ്റി.ബി., മുസ്ലീം, എൽ.സി./ആ.ഇ., നാടാർ, പരിവർത്തിത ക്രിസ്ത്യൻസ്, വിശ്വകർമ്മ, ധീവര എന്നീ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാതിനിധ്യം ലഭിക്കാത്ത ജാതിക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.ക.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

ഈ വിഭാഗത്തിൽ 26 ജീവനക്കാരെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ താല്ക്കാലിക മസ്റ്റർറോൾ ജീവനക്കാരായാണ് നിയമിക്കപ്പെട്ടിട്ടുള്ളത്. ഈ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ കഴിഞ്ഞിട്ടില്ല. ഈ വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടക്കുന്നത്. ആയതിനാൽ വരുംകാലം നിയമനങ്ങളിൽ സംവരണ നിയമം പാലിക്കപ്പെടുന്നതാണ്.

**7. താൽക്കാലിക ജീവനക്കാർ**

ശിപാർശ

ആകെ 15 ജീവനക്കാരാണ് ഈ കാറ്റഗറിയിൽ. 8 പേർ ജനറൽ കാറ്റഗറിയിലും 7 പേർ പിന്നോക്ക സമുദായത്തിൽപ്പെട്ടവരുമാണ്. 7 പിന്നോക്ക സമുദായക്കാരിൽ 6 പേർ ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. (ഇ.റ്റി.ബി.-5,ഒ.ബി.സി.-1) സംവരണാടിസ്ഥാനത്തിൽ 1 ഒ.ബി.സി.ക്കാരനാണ് നിയമനം ലഭിച്ചിട്ടുള്ളത്. പിന്നോക്ക സമുദായത്തിലെ മറ്റ് വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

താൽക്കാലിക ജീവനക്കാരുടെ നിയമനങ്ങളിൽ കൂടി സംവരണതത്വം വരുംകാല നിയമനങ്ങളിൽ പാലിക്കുന്നതാണ്.

**8. അപ്രന്റീസ്**

<u>ശിപാർശ</u>

ആകെ 3 ജീവനക്കാരുള്ള ഈ കാറ്റഗറിയിൽ 2 പേർ ജനറൽ കാറ്റഗറിയിലും ഒരാൾ പിന്നോക്ക സമുദായത്തിൽപ്പെട്ട ഇ.റ്റി.ബി. കാറ്റഗറിയിൽ ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചയാളാണ്. സംവരണാടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. അപ്രന്റീസുകളുടെ നിയമനങ്ങളിലും സംവരണതത്വം പാലിക്കാൻ കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്.]

സംവരണതത്വം പാലിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ആർ.ഐ. സെന്ററിന് നൽകിക്കഴിഞ്ഞിട്ടുണ്ട്.

**9. ഡെയിലി വേജസ്**

<u>ശിപാർശ</u>

ആകെ 181 ജീവനക്കാരാണ് ഈ കാറ്റഗറിയിൽ. 69 പേർ ജനറൽ കാറ്റഗറിയിലും 112 പേർ പിന്നോക്കസമുദായത്തിൽപ്പെട്ടവരുമാണ്. 112 പിന്നോക്കസമുദായക്കാരിൽ 103 പേർ ഓപ്പൺ ക്വാട്ടയിൽ നിയമനം ലഭിച്ചവരാണ്. 9 പേർ സംവരണാടിസ്ഥാനത്തിൽ നിയമനം ലഭിച്ചവരാണ്.

പിന്നോക്ക സമുദായത്തിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സമുദായം | അർഹമായ പ്രാതിനിധ്യം (ശതമാനം) | ലഭിച്ച (ശതമാനം) | കുറവ് (ശതമാനം) |
|---|---|---|---|
| ഇ.റ്റി.ബി. | 11 | 1.66 | 9.34 |
| മുസ്ലീം | 10 | 1.10 | 8.9 |
| എൽ.സി./ആ.ഇ. | 4 | .... | 4 |
| നാടാർ | 3 | .... | 3 |
| പരിവർത്തിത ക്രിസ്ത്യാനികൾ | 2 | 1.10 | 0.90 |
| വിശ്വകർമ്മ | 2 | .... | 2 |
| ധീവര | 2 | .... | 2 |
| ഒ.ബി.സി. | 6 | 1.10 | 4.9 |

ഡെയിലി വേജസ് കാറ്റഗറിയിൽ എൽ.സി./ആ.ഇ., നാടാർ, വിശ്വകർമ്മ, ധീവര എന്നീ സമുദായങ്ങൾക്ക് ഒട്ടും തന്നെ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതിനാൽ അർഹമായ പ്രാതിനിധ്യം നൽകി നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

[ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 1-2-2001-ലെ 35493/ഡി2/99/ആ.കു.വ. നമ്പർ കത്ത് പ്രകാരമുള്ളത്]

ഈ വിഭാഗം ജീവനക്കാരുടെ കാര്യത്തിൽ യാതൊരുവിധ നിയമന നടപടിക്രമങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ, സംവരണതത്വം ശരിയായ വിധത്തിൽ പാലിക്കപ്പെടുന്നില്ല. ഭാവിയിൽ നിയമന കാര്യത്തിൽ സംവരണക്രമം പാലിക്കുന്നതാണ്.

## ശിപാർശ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലുള്ള നിയമന ചട്ടങ്ങൾക്ക് അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമായി അന്വേഷണം നടത്തണമെന്നും, പ്രസ്തുത ചട്ടങ്ങൾക്ക് കമ്മീഷൻ അടിയന്തരമായി അംഗീകാരം നൽകുവാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബക്ഷേമ (ഡി) വകുപ്പിന്റെ 25-5-2001-ലെ 35493/ഡി2/99/ ആ.ക.വ. നമ്പർ കത്ത്. ]

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലുള്ള നിയമന ചട്ടങ്ങൾക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു.

കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച സർക്കാർ മറുപടികൾ പരിഗണിച്ച സമിതി താഴെപ്പറയും പ്രകാരം അധിക വിവരം ആരാഞ്ഞു.

**അധിക വിവരം**

കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ താൽക്കാലിക മസ്റ്റർറോൾ (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാരായി നിയമിക്കപ്പെട്ടതായി സൂചിപ്പിച്ചിട്ടുള്ള 26 പേർക്ക് മുൻപ് പ്രസ്തുത സ്ഥാപനത്തിൽ ഏത് രീതിയിലാണ് നിയമനം നൽകിയിരുന്നതെന്ന വിശദമായ വിവരം ലഭ്യമാക്കുക. കൂടാതെ മറ്റ് ശിപാർശകളിലെ നിലവിലുള്ള സ്ഥിതി അറിയിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

[ആരോഗ്യകുടുംബ ക്ഷേമ (ഡി) വകുപ്പിന്റെ 17-5-2002-ലെ 926/ഡി2/02/ആ.ക.വ. നമ്പർ കത്ത്.]

ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന്റെ പ്രാരംഭദശയിൽ അസംസ്കൃത മരുന്നുകൾ വെട്ടി ചെറുതാക്കുന്ന ജോലി ഒരു കോൺട്രാക്ടർ മുഖേനയായിരുന്നു നിർവ്വഹിച്ചിരുന്നത്. പിന്നീട് ടി കോൺട്രാക്ടറുടെ കീഴിൽ ജോലി ചെയ്തിരുന്ന മരുന്നുവെട്ടുകാരേയും കപ്പി കഴുകി ഉണക്കുന്നതിന് നിയോഗിച്ചവരേയും മസ്റ്റർ റോൾ ജീവനക്കാരായി മാറ്റുകയും ടി ജോലികൾ സ്ഥാപനം ഇവരെകൊണ്ട് നേരിട്ട് ചെയ്യിക്കുകയുമാണ് ഉണ്ടായത്. വർഷങ്ങളായി ഇങ്ങനെ ജോലി ചെയ്തിരുന്ന ചില ജീവനക്കാർ പിന്നീട് ലേബർ കോടതിയെ സമീപിച്ച് അവർക്ക് അനുകൂലമായ വിധി സമ്പാദിക്കുകയുണ്ടായി.

സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് തസ്തികകൾ ഒഴിച്ചുള്ള വിഭാഗങ്ങളിലെ നിയമനങ്ങൾ പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന മാത്രമേ ഇനി നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പുതിയ നിയമനങ്ങളിൽ പിന്നോക്ക സമുദായക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ നടപടി കൈക്കൊള്ളേണ്ടത് പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ സ്ഥാപനങ്ങളാണ്.

ചിറ്റയം ഗോപകുമാർ,
*അദ്ധ്യക്ഷൻ,*
*പിന്നോക്ക സമുദായക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2020 മാർച്ച് 13.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.